DESPATCHED
ON 03/06/2020

14/03/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**A.P.1205(1)/2018/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 5379/SIC-G4/2018**

**സന്നിഹിതൻ**

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീമതി സുഹറാബി<br>W/o. ആലിക്കോയ<br>ഇരിയംപാടം ഹൗസ്, കരുവൻതുരുത്തി<br>കോഴിക്കോട് | അപ്പീൽ ഹർജിക്കാരി |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ഫറോക്ക് പോലീസ് സ്റ്റേഷൻ<br>കോഴിക്കോട്<br><br>അപ്പീൽ അധികാരി<br>സൗത്ത് അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ കാര്യാലയം<br>കോഴിക്കോട് സിറ്റി | എതിർകക്ഷികൾ |

**അന്തിമ ഉത്തരവ്**

മേൽ അപ്പീൽ ഹർജിയിൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. എ രമേശ് കുമാർ, കമ്മീഷൻ മുമ്പാകെ നേരിൽ ഹാജരായി ബോധിപ്പിച്ചത്, ഹർജിക്കാരിയുടെ 29.01.2018-ലെ അപേക്ഷയിന്മേൽ 27.02.2018 തീയതി മറുപടി നൽകിയിരുന്നു എന്നും ഹർജിക്കാരിക്ക് ടി ദിവസം അയച്ചു നൽകിയിരുന്ന മറുപടിയുടെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നും ഹർജിക്കാരിക്ക് ഇന്റിമേഷൻ രജിസ്റ്റർ സംബന്ധിച്ച വിവരം നൽകാൻ സാധിക്കാത്തത് അത്തരം രജിസ്റ്റർ സ്റ്റേഷനിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാലായിരുന്നു എന്നും ആയത് നിയമപരമായി സ്റ്റേഷനിൽ സൂക്ഷിക്കേണ്ട രജിസ്റ്റർ അല്ലെന്നും എന്നാൽ ഹർജിക്കാരിക്കു നൽകിയ മറുപടിയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേര് ഉൾപ്പെടുത്തുവാൻ വിട്ടു പോയത് അബദ്ധവശാൽ സംഭവിച്ചതാണെന്നും വളരെ ചെറിയ കാലയളവിലെ പ്രവൃത്തി പരിചയം മാത്രമുള്ളതിനാൽ സംഭവിച്ച വീഴ്ചയാണതെന്നും ഹർജിക്കാരിക്ക് സമയബന്ധിതമായി മറുപടി നൽകിയിരുന്നു എന്നു സ്ഥാപിക്കുന്ന ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നുമാണ്.

ടി വിശദീകരണം പരിശോധിച്ചതിൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. എ രമേശ് കുമാറിന്റെ ഭാഗത്തു നിന്നും ബോധപൂർവ്വ മായ വീഴ്ചയൊന്നും ഉണ്ടായിട്ടില്ല എന്നു വിലയിരുത്തി, ടിയാനെതിരായ നടപടികൾ അവസാനി പ്പിച്ചു കൊണ്ടുള്ള ഈ ഉത്തരവ് ഇന്നേ ദിവസം **2020 മാർച്ച് മാസം 14-ാം തീയതി** കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**വിൻസൻ എം. പോൾ**
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION

sh